**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 148** **12-09-2023 - ൽ മറുപടിയ്ക്ക്**

**വയോജനങ്ങളുടെ പുനരധിവാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. നന്ദകുമാർ,<br>ശ്രീ. പി. മമ്മിക്കുട്ടി,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ ഡി കെ മുരളി** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | വയോജനങ്ങൾക്ക് ഏത് സാഹചര്യത്തിലും സഹായത്തിനായി ബന്ധപ്പെടാൻ കഴിയുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പർ നിലവിൽ വന്നിട്ടുണ്ടോ; എങ്കിൽ ആയതിലൂടെ എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുക; ഇത് വയോജനങ്ങൾക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. വയോജനങ്ങൾക്ക് ഏത് സാഹചര്യത്തിലും സഹായത്തിനായി ബന്ധപ്പെടാൻ കഴിയുന്ന ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പരായ 14567 എന്ന നമ്പറിലൂടെ നൽകുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളുടെ പുനരധിവാസത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ? | (ബി) | സംസ്ഥാനത്ത് അനാഥരോ അശരണരോ ആയവരോ ആശുപത്രികളിലടക്കം ഉപേക്ഷിക്കപ്പെടുന്നവരോ ആയ വയോജനങ്ങളുടെ പുനരധിവാസവും സംരക്ഷണവും ഉറപ്പ് വരുത്തുന്നതിനായി ദുർബല ജനവിഭാഗത്തിന് സംരക്ഷണം നൽകുന്ന ഒരു പദ്ധതി സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതി പ്രകാരം ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളെ ഏറ്റെടുത്ത് സംരക്ഷിക്കുന്ന സന്നദ്ധ സംഘടനകൾക്ക് പ്രത്യേക ഗ്രാന്റ് അനുവദിച്ച് വരുന്നു. തിരുവനന്തപുരം, എറണാകുളം ജില്ലകളിലെ മൂന്ന് വീതം സ്ഥാപനങ്ങൾക്കും കോഴിക്കോട് ജില്ലയിലെ ഒരു സ്ഥാപനത്തിനും നടപ്പ് സാമ്പത്തിക വർഷം മുതൽ ഗ്രാന്റ് നൽകുന്നതിന് അനുമതി നല്കിയിട്ടുണ്ട്.<br><br>ആശുപത്രികളിൽ അനാഥരാക്കപ്പെടുന്നവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയം ചർച്ച ചെയ്യുന്നതിനായി സാമൂഹ്യനീതി, ആരോഗ്യ വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ 20.12.2022 ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ ആശുപത്രികളിൽ അനാഥരാക്കപ്പെടുന്നവരെ മതിയായ സൗകര്യങ്ങൾ ഉള്ള സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ ഗ്രാന്റോട്ടു കൂടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും ആവശ്യമെങ്കിൽ ഓർഫനേജ് കൺട്രോൾ ബോർഡ് |

| | | | |
|---|---|---|---|
| | | | അംഗീകാരമുള്ള മറ്റു സ്ഥാപനങ്ങളിലും ഏറ്റെടുത്തു പുനരധിവസിപ്പിക്കുന്നതിനു തീരുമാനിക്കുകയുമുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ നിന്നും 15 പേരെയും ,തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും 12 പേരെയും, തിരുവനന്തപുരം മനോരോഗ രോഗ ആശുപത്രിയിൽ നിന്നും 3 പേരെയും വിവിധ സ്ഥാപനങ്ങളിൽ പുനരധിവസിപ്പിച്ചിട്ടുണ്ട്.<br><br>സർക്കാർ ആശുപത്രികളിൽ ഉപേക്ഷിക്കപ്പെടുന്ന വയോജനങ്ങളെ അതാത് ജില്ലാ ഓഫീസ് മുഖേന വകുപ്പിന് കീഴിലുള്ള 16 വൃദ്ധസദനങ്ങൾ വഴിയും ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ളതും ഗ്രാന്റ് അനുവദിച്ച് വരുന്നതുമായ ക്ഷേമ സ്ഥാപനങ്ങൾ വഴിയും പുനരധിവസിപ്പിച്ച് വരുന്നുണ്ട്.<br><br>അപ്രകാരം ആരോരുമില്ലാതെ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കഴിഞ്ഞിരുന്ന 24 പേരെയും , തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ കഴിഞ്ഞിരുന്ന 5 പേരെയും പത്തനംതിട്ട ജില്ലയിൽ 1, പാലക്കാട്-17, തൃശ്ശൂർ-6, കോട്ടയം-1, മലപ്പുറം-1, കണ്ണൂർ-7, വയനാട്-2, കാസറഗോഡ്-2 എന്നിങ്ങനെ ജില്ലാ സാമൂഹ്യ നീതി ഓഫീസ് മുഖേന വിവിധ സ്ഥാപനങ്ങളിൽ പ്രവേശിപ്പിച്ചു പുനരധിവാസം നല്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

വയോജനങ്ങൾക്ക് ഏത് സാഹചര്യത്തിലും സഹായത്തിനായി ബന്ധപ്പെടാൻ കഴിയുന്ന ടോൾ ഫ്രീ ഹെൽപ് ലൈൻ നമ്പർ **1 4 5 6 7** (എൽഡർ ലൈൻ) 2021 നവംബർ 1 മുതൽ കേരളത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് ഹെൽപ് ലൈൻ സേവനങ്ങൾ ലഭ്യമാക്കുന്നത്.

എൽഡർ ലൈൻ വഴി ലഭ്യമാക്കുന്ന സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) സംസ്ഥാനത്തെ വിവിധ സർക്കാർ വകുപ്പുകൾ വയോജനങ്ങൾക്ക് വേണ്ടി നടപ്പിലാക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ/അതുമായി ബന്ധപ്പെട്ട പരാതികൾ / പെൻഷൻ/ സർക്കാർ-സന്നദ്ധ സ്ഥാപനങ്ങൾ നടത്തുന്ന വൃദ്ധസദനങ്ങൾ/ വയോജന സംരക്ഷണ കേന്ദ്രങ്ങൾ എന്നിവയെ സംബന്ധിച്ചിട്ടുള്ള വിവരങ്ങൾ നൽകൽ.

2) മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം-2007 വുമായി ബന്ധപ്പെട്ട വിവരങ്ങൾ, മറ്റു നിയമ സഹായങ്ങൾ നൽകൽ.

3) വയോജനങ്ങൾ നേരിടുന്ന മാനസിക പ്രയാസങ്ങൾക്കും, മാനസിക സംഘർഷങ്ങൾക്കുമായുള്ള പിന്തുണ നൽകൽ.

4) അഗതികളായ വയോജനങ്ങളുടെ പുനരധിവാസം, മാനസികവും ശാരീരികവുമായി ചൂഷണം നേരിടുന്ന മുതിർന്ന പൗരന്മാർക്കുള്ള നേരിട്ടുള്ള സഹായങ്ങൾ ലഭ്യമാക്കൽ.

വിവിധ സേവനങ്ങൾക്കായി ദിവസവും ഏകദേശം 100 മുതൽ 150 വരെ കാളുകൾ മുതിർന്ന പൗരന്മാരിൽ നിന്നോ, അവരുമായി ബന്ധപ്പെട്ടവരിൽ നിന്നോ എൽഡർ ലൈനിൽ ലഭിക്കുന്നുണ്ട്. വയോജനങ്ങൾക്കു വേണ്ടി മാത്രം പ്രവർത്തിക്കുന്ന ടി ഹെൽപ് ലൈനിൽ നാളിതു വരെ ( 2021 നവംബർ 1 മുതൽ 2023 ജൂലൈ 31 വരെ) 69,712 കാളുകൾ ലഭിച്ചിട്ടുണ്ട്. ഇതിൽ 2855 ൽ പരം കാളുകൾക്ക് ആവശ്യകത അനുസരിച്ചു നേരിട്ടുള്ള സഹായം നൽകിയിട്ടുണ്ട്.

കേരള സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കി വരുന്ന വയോമിത്രം സംസ്ഥാനത്തെ 91 നഗരസഭാ പ്രദേശത്തും 4 ബ്ലോക്ക് പഞ്ചായത്തുകളിലും നടപ്പാക്കി വരുന്നു. ഇപ്രകാരം ആകെ 108 യൂണിറ്റുകൾ പ്രവർത്തിക്കുന്നു. ഓരോ യൂണിറ്റ് പ്രവർത്തന ഏകോപന ചുമതല ഓരോ കോർഡിനേറ്റർമാർക്കാണ്. ഇവർക്ക് ഹെല്പ് ലൈൻ ആയി ഓരോ മൊബൈൽ നമ്പർ നൽകിയിട്ടുണ്ട്. ഈ നമ്പറുകൾ മിഷൻ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിലൂടെ ഹെൽപ് ഡെസ്ക് സേവനം ,കൗൺസിലിംഗ് സേവനം എന്നിവ നൽകി വരുന്നു. വയോമിത്രം ഹെൽപ്പ് ഡെസ്കിലൂടെ പുനരധിവാസം, നിയമസഹായം ,ആംബുലൻസ് സേവനം, കിടപ്പിലായ വയോജനങ്ങൾക്കാവശ്യമായ സേവനങ്ങൾ എന്നിവയ്ക്കായി വയോജനങ്ങൾ ബന്ധപ്പെടുമ്പോൾ ബന്ധപ്പെട്ട വയോമിത്രം യൂണിറ്റ് നേരിട്ട് ഇടപെട്ട് ചെയ്യാൻ സാധിക്കുന്നവ നേരിട്ടും അല്ലാത്തവ ബന്ധപ്പെട്ട കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്തും ആവശ്യമായ സേവനം നൽകി വരുന്നു. കൂടാതെ വയോമിത്രം ഗുണഭോക്താക്കളിൽ തന്നെ ഒറ്റപ്പെടൽ അനുഭവിക്കുന്നവരും മാനസിക സംഘർഷം

അനുഭവിക്കുന്നവരുമായ വയോജനങ്ങൾക്ക് ആവശ്യമായ കൗൺസിലിംഗ് കോർഡിനേറ്റർമാർ ഡോക്ടർമാരുമായി ചേർന്ന് നൽകി വരുന്നു.